# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5687 | 24.05.2017 ൽ മറുപടിയ്ക്ക് |
|---|---|
| **കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ആർ. രാമചന്ദ്രൻ** | **ശ്രീമതി.കെ.കെ.ഷൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ എത്ര അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല എന്നത് വിശദീകരിക്കാമോ; | (എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 66 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. |
| (ബി) സ്വന്തമായി കെട്ടിടങ്ങളില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പിന്റെ ചുമതലയിൽ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദീകരിക്കുമോ; | (ബി) സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികൾക്കും 3 വർഷം കൊണ്ട് കെട്ടിടം നിർമ്മിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**1. സ്റ്റേറ്റ് പ്ലാൻ ഫണ്ട്.**<br>ഓരോ സാമ്പത്തിക വർഷവും സ്റ്റേറ്റ് പ്ലാൻ ഫണ്ടിലുൾപ്പെടുത്തി അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി വരുന്നു.<br>**2. MGNREGS (ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി)**<br>ICDS-MGNREGS മായി സംയോജിച്ച് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS ഉം 2 ലക്ഷം രൂപ വകുപ്പ് വിഹിതവും ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കുവാനും വ്യവസ്ഥ ചെയ്യുന്നു.<br>**3. മാതൃക അങ്കണവാടി കെട്ടിട നിർമ്മാണം**<br>സംസ്ഥാനത്ത് ഒരു നിയോജക മണ്ഡലത്തിൽ ഒന്നുവീതം എല്ലാ നിയോജകമണ്ഡലത്തിലും മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിച്ച് വരുന്നു. ഈ പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 23.75 ലക്ഷംരൂപയാണ് എസ്റ്റിമേറ്റ്. |

| | |
|---|---|
| | ആയത് 17 ലക്ഷം രൂപ വകുപ്പും ശേഷിക്കുന്ന 6.75 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും വഹിക്കുവാനും വ്യവസ്ഥ ചെയ്യുന്നു. |
| (സി) അംഗൻവാടികളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്ന വിധത്തിൽ അംഗൻവാടി കെട്ടിടങ്ങളും ചുറ്റുപാടുകളും മോടി പിടിപ്പിക്കുന്നതിന് പ്രതിവർഷ ഗ്രാന്റ് അനുവദിക്കുമോ; വിശദീകരിക്കുമോ? | (സി) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൂടുതൽ കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നവീകരണ പ്രവർത്തനങ്ങളിൽ കെട്ടിടങ്ങളുടെ പ്ലംബിംഗ്, ഫ്ലോറിംഗ്, ഇലക്ട്രിഫിക്കേഷൻ, സാനിട്ടറി പണികൾ, ശിശു സൗഹൃദ ടോയ് ലറ്റ്, ചുറ്റുമതിൽ എന്നിവ ഉൾപ്പെടുന്നു. 2016-17 സാമ്പത്തിക വർഷം 1480 അങ്കണവാടി കെട്ടിടങ്ങൾ 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 920 ലക്ഷം രൂപ വിനിയോഗിച്ച് 1 ലക്ഷം രൂപ വീതം ചിലവഴിച്ച് 920 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ